# തൗഹീദ്, ശിർക്ക്, ശിർക്കാരോപണം
## മുജാഹിദുകൾക്ക് പറയാനുള്ളത്

അബ്ദുൽ മലിക് സലഫി മൊറയൂർ

ഒരു മനുഷ്യന് സ്വർഗ പ്രവേശനത്തിനാവശ്യമുള്ള മുഴുവൻ സംഗതികളും, നരകമുക്തിക്ക് അനിവാര്യമായ എല്ലാ കാര്യങ്ങളും വിശുദ്ധ ഇസ്‌ലാമിന്റെ പ്രമാണങ്ങളിൽ ഏവരുടെയും ദൃഷ്ടിക്ക് ഗോചരീഭവിക്കുന്ന രീതിയിൽ തന്നെ തിളങ്ങി നിൽക്കുന്നുണ്ട്. സ്വർഗ പ്രവേശനത്തിന് ഏറ്റവും അനിവാര്യമായുണ്ടായിരിക്കേണ്ടതാണ് തൗഹീദ്. നരക പ്രവേശനത്തിന് മുഖ്യകാരണം തൗഹീദിന്റെ വിപരീതമായ ശിർക്കിന്റെ അംശം ജീവിതത്തിൽ ഉണ്ടാവുക എന്നതുമാണ്. തൗഹീദ്, ശിർക്ക് എന്നീ രണ്ട് സംജ്ഞകൾ കേൾക്കാത്തവരല്ല കേരളത്തിലെ മുസ്‌ലിംകൾ. അതേസമയം ഭൂരിഭാഗം മുസ്‌ലിംകളും ഇവ രണ്ടിനെയും വികലമായിട്ടാണ് ധരിച്ചു വശായിട്ടുള്ളത് എന്ന ശരിയെ നാം വിസ്മരിക്കുന്നില്ല. ഇസ്‌ലാമിന്റെ അടിത്തറയും ജീവനാഡിയും അത്മാവുമാണ് തൗഹീദ്. തൗഹീദിൽ വരാവുന്ന ഏതൊരു നിസ്സാര വ്യതിയാനവും ഒരു വ്യക്തിയെ സത്യമാർഗത്തിൽ നിന്ന് തെറ്റിക്കുമെന്നതിൽ സംശയമില്ല. മുജാഹിദ് പ്രസ്ഥാനം കേരള മണ്ണിൽ പ്രവർത്തനമാരംഭിച്ചതു മുതൽ അവരുടെ പ്രഥമവും പ്രധാനവുമായ പ്രബോധനം, പടച്ചവന്റെ പടപ്പുകളിലേക്ക് പ്രാർത്ഥനയോ ആരാധനാംശമുള്ള ഒന്നുമോ തിരിച്ചു വിടരുത് എന്ന തെളിമയാർന്ന തൗഹീദ് തന്നെയാണ്. കാരണം, ലോകചരിത്രത്തിൽ വന്നു പോയ സർവ്വ പ്രവാചകന്മാരും അങ്ങനെ തന്നെയാണ് പ്രബോധനം നടത്തിയിട്ടുള്ളത് എന്നതു തന്നെ.

പ്രാർത്ഥനയുൾക്കൊള്ളുന്ന എന്തും, അത് നേർച്ചയാവട്ടെ, സഹായം തേടലാവട്ടെ, ആരാധനകളാവട്ടെ എല്ലാം അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ് എന്നതത്രെ ഇസ്‌ലാമിന്റെ തൗഹീദിന്റെ കാതൽ. ഇക്കാര്യം മുജാഹിദുകൾ മുമ്പേ ജനങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. അഥവാ, പടപ്പുകൾക്ക് കഴിയാത്തത് പടച്ചവനോടേ ചോദിക്കാവൂ എന്നതാണിതിലെ മർമ്മം. മുജാഹിദ് പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാവായിരുന്ന കെ എം മൗലവി (റഹി) 1935 ഏപ്രിൽ മാസത്തെ അൽ മുർശിദിൽ എഴുതിയ ചില വരികൾ കാണുക:

‘‘ഇവ്വിധം കാര്യങ്ങൾക്ക് പുറമെയുള്ള വിഷയങ്ങളിൽ പാപങ്ങൾ പൊറുക്കുക, ചൊവ്വായ വഴിയിലേക്ക് ചേർത്ത് തരിക (ഹിദായത്ത് തരുക), മഴയെ ഇറക്കുക, ദീനങ്ങൾ ശിഫയാക്കുക, ആപത്തുകളെയും ബലാഉകളെയും തട്ടിക്കളയുക, അവയെ നീക്കി രക്ഷപ്പെടുത്തുക, ശത്രുക്കളിൽ നിന്ന് രക്ഷിച്ച് സഹായിക്കുക ആദിയായി അല്ലാഹുവിന് മാത്രം ശക്തിയുള്ള അവന്റെ ഖജാനകളിൽ മാത്രമുള്ള വിഷയങ്ങളിൽ സാധാരണയിൽ സൃഷ്ടികളുടെ കയ്യാൽ നടന്നു വരാറില്ലാത്ത വഴികളാൽ, എന്നുവെച്ചാൽ ഗൈബിയ്യായ (മറഞ്ഞ) മാർഗങ്ങളിൽ കൂടി സഹായിച്ച് രക്ഷപ്പെടുത്തുവാൻ അപേക്ഷിക്കുക, ഇവ്വിധം ഇസ്തിഗാസ അല്ലാഹുവോടല്ലാതെ ചെയ്യാൻ പാടില്ല എന്നും എല്ലാവരും സമ്മതിക്കും... അതിനാൽ നമ്മുടെ ചോദ്യകർത്താക്കൾ ഇവിടെ ചോദിക്കുന്നത് ആദിയ്യായ സബബുകൾക്കപ്പുറത്തുള്ള എന്നു വച്ചാൽ ആദൃശ്യലോകത്തെ സംബന്ധിച്ചുള്ള പ്രത്യേക കാരണങ്ങളാൽ രക്ഷപ്പെടുത്തുവാനോ സഹായിക്കാനോ അപേക്ഷിക്കുന്നതിനെ കുറിച്ചാണെ

ന്ന് തീർച്ചതന്നെ. ഇങ്ങനെയുള്ള അപേക്ഷയുടെ ഒന്നിച്ച് (ഏറ്റവും അങ്ങേയറ്റമായ താഴ്മ കാണിക്കൽ) വരാതിരിക്കാൻ മാർഗമില്ല. എന്തുകൊണ്ടെന്നാൽ തന്നെക്കൊണ്ടോ, തന്നെപ്പോലെയുള്ള സൃഷ്ടികളെ കൊണ്ടോ സാധിക്കാത്തതും അവർക്കെല്ലാവർക്കും അജ്ഞാതമായിരിക്കുന്നതുമായ അവരുടെ പരിശ്രമങ്ങളിൽ കണ്ടുപിടിക്കുവാനോ, നിർവ്വഹിക്കുവാനോ നിവൃത്തിയില്ലാത്തതുമായ മാർഗങ്ങളിൽ രക്ഷപ്പെടുത്തുവാനോ, സഹായിക്കുവാനോ ആകുന്നുവല്ലോ ഈ അപേക്ഷികൻ ഇരക്കുന്നത്. ഇങ്ങനെ തനിക്കും തന്നെപ്പോലെയുള്ള സൃഷ്ടികൾക്കും കഴിവില്ലാത്ത മാർഗങ്ങളിൽ ഒരു കാര്യം നിർവ്വഹിച്ചു തരുവാൻ ഒരുവൻ ആരോട് അപേക്ഷിക്കുന്നുവോ, അവരുടെ സന്നിധിയിൽ ഏറ്റവും അങ്ങേയറ്റമായ താഴ്മ കാണിക്കലും അത്യധികമായ വിധത്തിൽ അവരെ മഹത്വപ്പെടുത്തലും ഈ അപേക്ഷയിൽ അടങ്ങിയിട്ടുണ്ടെന്ന് മനുഷ്യ ബുദ്ധിയുള്ളവരെല്ലാം സമ്മതിക്കും...... ഈ വിധത്തിൽ ഒരു ആപത്തിൽ നിന്ന് രക്ഷപ്പെടുത്തുവാൻ തേടൽ എന്ന ഇസ്തിഗാസ 'ഇങ്ങനെ ഒരു കാര്യത്തിൽ സഹായിക്കുവാൻ  തേടൽ' എന്ന ഇസ്തിആനത്ത് എന്നീ രണ്ടു വിഷയങ്ങളും ശറഇൽ ഇബാദത്തിന്റെ വകുപ്പുകളിൽ എണ്ണപ്പെടുന്ന ദുആഇൽ ഉൾപ്പെട്ടതും അതിനാൽ ഇവ രണ്ടും അല്ലാഹുവിന്റെ പ്രത്യേക ഹഖുകളിൽ പെട്ടവയുമാണ്. അപ്പോൾ ഇത് രണ്ടാമത്തെ വിധം ഇസ്തിഗാസയും ഇസ്തിആനയും ആകുന്നു. ഇവ്വിധം ഇസ്തിആനയെ ആകുന്നു സൂറത്തുൽ ഫാതിഹയിലെ 'നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു എന്ന തിരുവചനത്തിൽ ഉദ്ദേശിച്ചിരുന്നത്.'' (അൽമുർശിദ്. പു: 1. ലക്കം. 3. 1935 ഏപ്രിൽ. ഉദ്ധരണി: കെ. എം. മൗലവിയുടെ ഫത്‌വകൾ. പേജ് 130)

തൗഹീദിന്റെ മൂലാധാരങ്ങളെ ആഴത്തിൽ വിശകലനം നടത്തിയ കെ എം മൗലവിയുടെ വിവരണമാണിത്. തൗഹീദ് ഉൾക്കൊള്ളുന്ന തത്വത്തിന്റെ മർമ്മം എന്താണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടിയത് നാം പ്രേത്യകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇനി, അടുത്ത കാലത്ത് നമ്മിൽ നിന്ന് വിടപറഞ്ഞ കൂഞ്ഞീതു മദനി(റഹി)യുടെ വരികൾ കൂടി ശ്രദ്ധിക്കുക: ''മുകളിൽ നിന്ന് ലഭിക്കുന്ന സർവ്വ അനുഗ്രഹങ്ങളും ഏക റബ്ബായ അല്ലാവിന്റേത് മാത്രമാണ്. അതുകൊണ്ട് താഴെ നിന്ന് ചെയ്യുന്ന സർവ്വ ഇബാദത്തുകളും ഏക ഇലാഹായ അല്ലാഹുവിന് മാത്രമായിരിക്കേണ്ടതാണ് എന്ന സത്യം മനസ്സിലുറപ്പിക്കുക, തുറന്നു പറയുക, കർമങ്ങൾ ആ വിശ്വാസത്തിന് സാക്ഷിയാക്കുകയും ചെയ്യുക. ഇതാണ് ഇസ്‌ലാമിന്റെ ജീവനായ തൗഹീദ്.'' (ഇസ്‌ലാമിന്റെ ജീവൻ. കെ കൂഞ്ഞീതു മദനി. പേജ്: 10 പ്രസാ: കെ എൻ എം പബ്ലിഷിങ്ങ് വിങ്ങ്)

ഇസ്‌ലാമിന്റെ ആണിക്കല്ലായ തൗഹീദ് എന്താണെന്ന് ഉപരിസൂചിത ഉദ്ധരണികളിൽ നിന്ന് വ്യക്തമായല്ലോ. ഇബാദത്തുകൾ മുഴുവനും അതിൽ കാതലായ പ്രാർത്ഥന പ്രത്യേകിച്ചും അല്ലാഹുവിനോട് മാത്രം എന്നതാണ് തൗഹീദിനെ മാറ്റുള്ളതാക്കുന്നത് എന്നതാണ് വാസ്തവം. ഇക്കാരണത്താൽ തന്നെ പ്രാർത്ഥന പടച്ചവനോട് മാത്രം എന്ന് പഠിപ്പിക്കാൻ പരിശുദ്ധ ഖുർആനിൽ ശതക്കണക്കിന് ആയത്തുകളാണ് ഉള്ളത്. സ്ഥലപരിമിതി മൂലം ഒരു ആയത്തു മാത്രം ഇവിടെ ഉദ്ധരിക്കട്ടെ. അല്ലാഹു പറഞ്ഞു: ''നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നോട് പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. നിശ്ചയം എന്റെ ഇബാദത്തിനെ തൊട്ട് അഹങ്കരിക്കുന്ന ഒരു കൂട്ടർ, അവർ നിന്ദ്യരായി നരകത്തിൽ പ്രവേശിക്കുന്നതാണ്.'' (സുറ: ഗ്വാഫിർ. 60) പ്രാർത്ഥന അല്ലാഹുവിനോട് മാത്രം എന്ന കാര്യം അംഗീകരിക്കുന്നതിലൂടെ മാത്രമേ ഒരാൾക്ക് ഇസ്‌ലാമിലേക്ക് പ്രവേശിക്കാനാവൂ. ഇതംഗീകരിക്കാത്തവന് ഇസ്‌ലാമിൽ ഒരു സ്ഥാനവുമുണ്ടായിരിക്കുകയില്ല. അപ്രകാരം നിർമലമായ തൗഹീദിന്റെ വക്താക്കൾക്ക് ദുനിയാവിലും ആഖിറത്തിലും ലഭിക്കുന്ന ഫലങ്ങൾ എണ്ണമറ്റതാണ്. നിർഭയത്വം(അൻആം: 82), സ്വർഗ്ഗം(മുസ്‌ലിം:93), പാപമോചനം(തിർമുദി: 354), നരകമോചനം, അല്ലാഹുവിന്റെ തൃപ്തി (ബുഖാരി:99) തുടങ്ങി നിരവധി നന്മകളും സൗഭാഗ്യങ്ങളും തൗഹീദിലൂടെ ഒരു മനുഷ്യന് ലഭിക്കുന്നതാണ്. സ്വി

റാത്തുൽ മുസ്തഖീം എന്ന തെളിമയാർന്ന ഋജുരേഖയിൽ തൗഹീദുള്ളവർ മാത്രമേ ഉണ്ടാവൂ എന്നതും ഒരു വലിയ മഹത്വം തന്നെയാണ്.

തൗഹീദിൽ മായം കലരുമ്പോഴാണ് ശിർക്കിന്റെ രംഗ പ്രവേശം സംഭവിക്കുന്നത്. ശിർക്ക് സംഭവിച്ചാൽ അവന്റെ തൗഹീദ് അതോടെ തകർന്നുപോവും. അക്കാരണം കൊണ്ടു തന്നെ ശിർക്കിന്റെ ഗൗരവത്തെ കുറിച്ച് അല്ലാഹു ക്വുർആനിൽ നിരവധി ആയത്തുകളിൽ മാനവകുലത്തെ ഉണർത്തിയിട്ടുണ്ട്. ഒരു ആയത്ത് കാണുക: ''നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ നിങ്ങൾ ഒന്നിനെ കൊണ്ടും ശിർക്ക് ചെയ്യരുത്.'' (നിസാഅ്: 36) ശിർക്കിൽ ആണ്ടുപോയിരുന്ന ജനതകളെ തൗഹീദിലേക്ക് കൈപിടിക്കാനാണ് ലോകത്ത് പ്രവാചകന്മാർ വന്നിട്ടുള്ളത്. അവർ ശിർക്കിന്റെ ഭവിഷ്യത്തുകളെ കുറിച്ച് ജനങ്ങളെ പഠിപ്പിച്ചു. തൗഹീദിന്റെ വെളിച്ചം അവരുടെ ഹൃദയാന്തരങ്ങളിൽ കൊളുത്തി വെച്ചു. തൗഹീദിന്റെ പ്രകാശം വന്നാൽ ശിർക്കിന്റെ ഇരുട്ട് നീങ്ങും സംശയമില്ല.

മുജാഹിദുകളുടെ പ്രബോധനത്തിന്റെ മുഖ്യ ലക്ഷ്യം ശിർക്കിനെയും അതിന്റെ ചിഹ്നങ്ങളെയും കഴിവിന്റെ പരമാവധി ജനമനസ്സുകളിൽ നിന്ന് കുടിയിറക്കുക എന്നതു തന്നെയാണ്. ഇക്കാലം വരേക്കും അങ്ങനെ തന്നെയാണ് പ്രവർത്തിച്ചിട്ടുള്ളതും. അതുകൊണ്ട് തന്നെ എന്താണ് ശിർക്ക് എന്നതും മുജാഹിദുകൾ സമൂഹത്തെ സംശയ മുക്തമായ രീതിയിൽ പഠിപ്പിച്ചിട്ടുണ്ട്. മഹാനായ കെ എം മൗലവിയുടെ വാക്കുകൾ തന്നെ ഉദ്ധരിക്കട്ടെ. 1935 ഏപ്രിൽ ലക്കം അൽ മുർശിദിൽ കൊടുത്ത ഫത്വ കാണുക: ''ആദിയ്യായ സബബുകൾക്കപ്പുറമുള്ള മാർഗങ്ങളാൽ (ഗൈബിയ്യായ വഴികളാൽ) രക്ഷപ്പെടുത്തുവാൻ ആപേക്ഷിക്കുകയെന്ന ഇസ്തിഗാസ, സഹായിക്കുവാൻ അപേക്ഷിക്കുക എന്ന ഇസ്തിആനത്ത് എന്നിവ രണ്ടും ഏറ്റവും അങ്ങേയറ്റമായ താഴ്മയോട് കൂടിയുള്ള അപേക്ഷ എന്ന ദുആഇൽ ഉൾപ്പെട്ടവയാകുന്നു. ഈ വിധം ദുആ ഇബാദത്തിന്റെ വകുപ്പുകൾ പെട്ടതാണ്. അതിനാൽ ഈ വിധം ദുആയും അതിൽ ഉൾപ്പെട്ടിരിക്കുന്ന ഇസ്തിഗാസയും ഇസ്തിആനത്തും അല്ലാഹുവോട് മാത്രമേ ചെയ്യുവാൻ പാടുള്ളൂ. ഇവ്വിധം ദുആ അല്ലാഹുവോടല്ലാത്ത മറ്റാരോടും ചെയ്യാൻ പാടില്ലെന്ന് ഹുക്മ് ക്വുർആൻ കൊണ്ടും ഹദീസ് കൊണ്ടും ഇജ്മാഅ് കൊണ്ടും പൂർണമായി വെളിപ്പെട്ടിട്ടുള്ളതാകുന്നു. ഈ ശറഇയ്യായ ഹുക്മിന് വിരോധമായി പ്രവർത്തിക്കുന്നതു കൊണ്ട് മുർതദ്ദായിപ്പോകുമെന്ന് ഇജ്മാ ഉണ്ട്. ചോദ്യകർത്താക്കൾ ചോദിച്ച പോലെ വ്യസനകരമായ സംഭവം നേരിടുമ്പോൾ അതിൽ നിന്ന് രക്ഷപ്പെടുത്തി സഹായിക്കുവാൻ സൃഷ്ടികളിൽ ആരോടും അപേക്ഷിക്കുവാൻ പാടില്ല. അങ്ങനെ അപേക്ഷിക്കുന്നത് ശറഇൽ ജാഇസല്ല. അങ്ങനെയുള്ള അപേക്ഷ സൃഷ്ടികളിൽ ആരോടെങ്കിലും ചെയ്യുന്നത് കൊണ്ട് മുർതദ്ദായിപ്പോകുമെന്ന് ഭയപ്പെടണം.'' (അൽമുർശിദ്: 1935 ഏപ്രിൽ. ഉദ്ധരണി കെ എം മൗലവിയുടെ ഫത്വകൾ: 134)

ഒരു പ്രവൃത്തി എപ്പോഴാണ് ശിർക്കാവുന്നത് എന്ന കാര്യം വ്യക്തമായി തന്നെ കെ എം മൗലവി വിവരിച്ചിരിക്കുകയാണവിടെ. കൂടുതൽ വിശദീകരണം ആവശ്യമില്ലാത്ത വിധം സ്പഷ്ടമാണ് കാര്യങ്ങൾ. കെ എം മൗലവി തന്നെ ഇവ്വിഷയകമായി 1934 മെയ് മാസത്തിലെ അൽ മുർശിദിൽ നൽകിയ ഒരു ഫത്വ കൂടി നാം ശ്രദ്ധിക്കുക. കാര്യങ്ങൾ കൂടുതൽ വ്യക്തത വരുത്താൻ അതുപകരിക്കും. കെ എം മൗലവി എഴുതി: ''സൃഷ്ടികളുടെ കയ്യിൽ സാധാരണയായി നടക്കാറില്ലാത്തത് അല്ലാഹുവിന്റെ ഖജാനകളിൽ മാത്രം ഉള്ളതും അദൃശ്യമായ വഴികളാൽ മാത്രം സാധിക്കേണ്ടതുമായ കാര്യങ്ങൾ (മഴ പെയ്യിക്കൽ പോലെ) അല്ലാഹുവോടല്ലാതെ അപേക്ഷിക്കുന്നത് ശറഇൽ ജാഇസല്ല. സാധാരണയായി ആദത്തിൽ സൃഷ്ടികളുടെ കയ്യാൽ നടന്നു വരാറുള്ളത് ഇവ്വിധമുള്ള ഓരോ പ്രവൃത്തിയിലും രണ്ട് ഭാഗമുണ്ട്.

1) അദൃശ്യമായ കാരണങ്ങളെ ശരിപ്പെടുത്തുക. അദൃശ്യമായ തടസ്സങ്ങളെ നീക്കുക. ഈ ഭാഗം അല്ലാഹുവിന്റെ ഖാസ്സായ ഖജാനയിൽ നിന്നു മാത്രമേ സിദ്ധിക്കയുള്ളൂ. അതിനാൽ ഈ ഭാഗവും അല്ലാഹുവോട് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. (അന്യരിൽ നിന്ന് ലഭിക്കേണ്ടതായ ഒരു സഹായത്തെ അവനോട് തേടുന്നു എന്നിരിക്കട്ടെ, അതിനു അവൻ പ്രേരിതനാക്കത്തക്ക വിധം അവന്റെ ഖൽബിൽ കാരുണ്യത്തെ പോലെയുള്ള ഒരു ഗുണം ജനിപ്പിക്കണം. അവന്റെ മനസ്സിൽ ദുർബോധനം ചെയ്ത് ഈ സൽകർമത്തെ തടയുന്ന പിശാചിന്റെ ശർറിൽ നിന്ന് അവനെ മോചിപ്പിക്കണം. ഈ രണ്ട് സംഗതിയും അല്ലാഹുവന്റെ ഫിഅ്ലുകളിൽ പെട്ടവയാകുന്നു. അത് അല്ലാഹുവിനോട് തന്നെ അപേക്ഷിക്കണം)

രണ്ട്: സൃഷ്ടികളുടെ പരിശ്രമം കൊണ്ട് ആദത്തിൽ (സാധാരണ) നടന്നു വരാറുള്ള ഭാഗം. ഈ ഭാഗം സംബന്ധിച്ചുള്ള അപേക്ഷ സൃഷ്ടികളോട് ചെയ്യുന്നതിന് ആദത്തിൽ ഇവ്വിധം കാര്യങ്ങളിൽ ഏർപ്പെടാറുള്ളവരും ജീവിച്ചിരിക്കുന്നവരും ആലമുശ്ശഹാദത്തിലുള്ളവരും അപേക്ഷ ചെയ്യുന്നവന്റെ അപേക്ഷ കേൾക്കത്തക്ക വിധം ഹാളിറുള്ളവരുമായ സൃഷ്ടികളോട് ചെയ്യുന്നതിന് യാതൊരു വിരോധവുമില്ല. എന്നാൽ ആദിയ്യായ ബന്ധങ്ങൾക്കപ്പുറമുള്ള മാർഗങ്ങളിൽ രക്ഷപ്പെടുത്തുവാനോ, സഹായിക്കുവാനോ ചെയ്യുന്ന അപേക്ഷ അല്ലാഹുവിനോട് മാത്രമേ ചെയ്യുവാൻ പാടുള്ളൂ. അല്ലാഹുവിനോടല്ലാതെ മറ്റു യാതൊരു ഔലിയാഇനോടും ഇവ്വിധം അപേക്ഷ ഏറ്റവും അങ്ങേയറ്റമായ താഴ്മയോട് കൂടിയായതു കൊണ്ട് അത് ഇബാദത്തിന്റെ വകുപ്പുകളിൽ ഉൾപ്പെട്ടതായ ദുആയിൽ എണ്ണപ്പെടുന്നതാകുന്നു. അതിനാൽ ഇവ്വിധം അപേക്ഷ ഒരു മുസ്ലിം അല്ലാഹുവല്ലാത്തവരോട് ചെയ്യുന്ന പക്ഷം അവൻ ആ നിമിഷം മുർതദ്ദും മുശ്രിക്കുമായിത്തീരുമെന്ന ഹുക്മ് ക്വുർആനിന്റെയും നബി(സ)യുടെയും നസ്സ്വായ വചനങ്ങളിൽ സ്ഥിരപ്പെട്ടിട്ടുള്ളതും യാതൊരു തർക്കത്തിനും വഴിയില്ലാതെ എല്ലാ ഉലമാഉം ഏകോപിച്ച് സമ്മതിച്ചിട്ടുള്ളതുമാകുന്നു. അതായത്, അല്ലാഹുവിന്റെ ശക്തിയിൽ മാത്രമുള്ളതും സൃഷ്ടികളുടെ ശക്തിക്കപ്പുറമുള്ളതുമായ രക്ഷയോ സഹായമോ ഏതെങ്കിലുമൊരു കാര്യം സാധിച്ചു തരുവാൻ വേണ്ടിയുള്ള ദുആ (വളരെ അങ്ങേയറ്റമായ താഴ്മയോടു കൂടിയുള്ള അപേക്ഷ) അല്ലാഹുവിനോട് മാത്രമേ ചെയ്യുവാൻ പാടുള്ളൂ. അത് മറ്റാരോടും ചെയ്യുവാൻ പാടില്ല. അത് മറ്റുള്ളവരോട് ചെയ്യുന്നത് ശിർക്കും കുഫ്റും ആകുന്നു. എന്തുകൊണ്ടെന്നാൽ ഇബാദത്തുകളുടെ കൂട്ടത്തിൽ ഏറ്റവും പ്രാധാന്യമുള്ള ഇബാദത്താണ് ദുആ. ഒരു സൃഷ്ടിക്ക് സുജൂദ് ചെയ്താൽ എങ്ങനെയാണോ അങ്ങനെ തന്നെ. ഒരു സൃഷ്ടിയോട് ഇവ്വിധം ദുആ ചെയ്താലും അത് ആ സൃഷ്ടിക്ക് ഇബാദത്ത് ചെയ്യലായിപ്പോകും. സൃഷ്ടിക്ക് ഇബാദത്ത് ചെയ്യുന്നത് ശിർക്കും കുഫ്റും ആകുന്നുവെന്ന് ഖുർആനിൽ അനേക വചനങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു. അങ്ങനെ തന്നെ നബി(സ)യും പൂർണമായി വെളിപ്പെടുത്തിയിരിക്കുന്നു.'' (ഉദ്ധരണി. കെ എം മൗലവിയുടെ ഫത്വകൾ. 135–136)

കണ്ടല്ലോ, മുജാഹിദുകൾ എന്താണ് ശിർക്ക് എന്നും എങ്ങിനെയാണൊരു കാര്യം ശിർക്കാവുന്നതെന്നും വളരെ മുമ്പുതന്നെ പഠിപ്പിച്ചിട്ടുണ്ട്. ഇതേകാര്യം തന്നെ കുഞ്ഞീതു മദനി(റഹി)യും പഠിപ്പിക്കുന്നത് കാണുക: ''ഇബാദത്ത് എന്നത് വിപുലാർത്ഥമുള്ള ഒരു സങ്കേതിത പദമാണ്. അഭൗതികമായ മാർഗത്തിൽ അഥവാ കാര്യകാരണ ബന്ധങ്ങൾക്കതീതമായി ഗുണവും ദോഷവും വരുത്താൻ ഒരു വ്യക്തിക്ക് കഴിവുണ്ട് എന്ന വിശ്വാസമാണ് ഇബാദത്തിന്റെ ഉറവിടം. ആ വിധത്തിലുള്ള ഒരു കഴിവ് ഒരു വ്യക്തിക്കോ ശക്തിക്കോ ഉണ്ടെന്ന് വിശ്വസിച്ചു കൊണ്ട് അവന്റെ അല്ലെങ്കിൽ അതിന്റെ മുമ്പിലർപ്പിക്കപ്പെടുന്ന താഴ്മ, വിനയം, വിധേയത്വം, സ്നേഹം, ഭയം, ഭരമേൽപ്പനം, ധനവ്യയം, അന്നപാനാദികളുപേക്ഷിക്കൽ, അവയവങ്ങളുടെ ചലനം, നേർച്ച, വഴിപാട് തുടങ്ങിയ സർവ്വ കാര്യങ്ങളും ആരാധനയുടെ വകുപ്പിലുൾപ്പെടുന്നു.'' (ഇസ്ലാമിന്റെ ജീവൻ. കുഞ്ഞീതു മദനി. പേ: 12)

ചുരുക്കത്തിൽ എന്താണ് ആരാധന എന്നും ആരാധനകൾ മുഴുവനും സർവ്വ ലോകരുടേയും റബ്ബായ അല്ലാഹുവിനു മാത്രമേ അർപ്പിക്കാവൂ എന്നും മുജാഹിദുകൾ എക്കാലത്തും ജനങ്ങളെ ഓർമിപിച്ചിട്ടുണ്ട്. കാരണം, ശർക്കിന്റെ ഏതു മാർഗവും മുസ്‌ലിംകളിലും സംഭവിക്കാവുന്നതാണ്. അങ്ങനെ സംഭവിക്കുമെന്ന് ക്വുർആനും സുന്നത്തും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. വിശുദ്ധ ക്വുർആനിലെ സൂറ: യൂസുഫിലെ നൂറ്റിആറാമത്തെ ആയത്തു തന്നെ ഇതിന് മതിയായ തെളിവാണ്. അല്ലാഹു പറഞ്ഞു: ‘‘അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവർ മുശ്‌രിക്കുകളായി കൊണ്ടാണ്.’’ നബി(സ്വ)യുടെ ഈ വിഷയത്തിലുള്ള ഹദീസുകൾ എമ്പാടുമുണ്ട്. ചിലത് ഇവിടെ കൊടുക്കുന്നു. ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ്വ)പറഞ്ഞു: ‘‘ഒരു മുസ്‌ലിം മരണപ്പെടുകയും ശിർക്ക് ചെയ്യാത്ത നാൽപതു പേർ അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുകയും ചെയ്താൽ അവരുടെ ശുപാർശ അയാളുടെ വിഷയത്തിൽ സ്വീകരിക്കപ്പെടാതിരിക്കില്ല.’’ (അബൂദാവൂദ് 3172) മയ്യിത്ത് നമസ്കരിക്കുന്നവൻ ഏതായാലും മുസ്‌ലിം ആയിരിക്കുമല്ലോ. അങ്ങനെയുള്ള മുസ്‌ലിംകളിൽ ശിർക്ക് വരും എന്നാണ് ഈ ഹദീസിൽ നിന്ന് സ്പഷ്ടമായി ഗ്രഹിക്കാനാവുന്നത്. മറ്റൊരു ഹദീസ് ശ്രദ്ധിക്കുക. സൗബാൻ(റ) നിവേദനം. നബി(സ)പറഞ്ഞു: ‘എന്റെ ഉമ്മത്തിൽ പെട്ട ചില സംഘങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുകയും മുശ്‌രിക്കുകളുമായി കൂടിച്ചേരുകയും ചെയ്താലല്ലാതെ അന്ത്യനാൾ സംഭവിക്കുകയില്ല.’’ (അബൂദാവൂദ്: 4254) ഇത് ആദ്യമേ വിഗ്രഹാരാധന നടത്തുന്നവരെ കുറിച്ചല്ല എന്ന് വ്യക്തമാണല്ലോ. അപ്പോൾ മുസ്‌ലിം സമൂഹത്തിൽ ശിർക്കിന്റെ ഏറ്റവും മൂർത്തരൂപമായ വിഗ്രഹാരാധന വരെ സംഭവിക്കും എന്നാണ് പ്രവാചകന്റെ പ്രവചനം. അത് തെറ്റില്ല എന്നുറപ്പാണ്. അത് കുറച്ചൊക്കെ പുലർന്നിട്ടുമുണ്ട്.

അതേ സമയം, മുസ്‌ലിം സമുദായത്തിൽ ശിർക്ക് വരില്ല എന്നൊരു തെറ്റായ വിശ്വാസം ചിലരെങ്കിലും പ്രചരിപ്പിക്കാറുണ്ട്. തങ്ങളിൽ സംഭവിച്ചിട്ടുള്ള ശിർക്കിനെ മൂടി വെക്കാനും നല്ലപിള്ള ചമയാനുമുള്ള വ്യഥാശ്രമത്തിന്റെ ഭാഗമാണീ പ്രചരണം. അതിനിക്കൂട്ടർ പ്രധാനമായും ‘തെളിവാക്കുന്ന’ ഒരു ഹദീസിന്റെ കഷ്ണമാണ് ’’വല്ലാഹി, മാ അഖാഫു അലൈക്കും അൻ തുശ്‌രികൂ ബഅ്ദീ’’ (ബുഖാരി: 1344) എന്നത്. സത്യത്തിൽ ഈ ഹദീസ് സമൂഹത്തിൽ ഒരിക്കലും ശിർക്ക് വരില്ല എന്നതിനുള്ള തെളിവേ അല്ല. എന്താണീ ഹദീസിന്റെ ഉദ്ദേശ്യമെന്ന് പണ്ഡിതന്മാർ ചർച്ച നടത്തിയിട്ടുണ്ട്. ഇബ്നു ഹജർ(റഹി) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു. ‘‘അഥവാ സമൂഹം ഒന്നടങ്കം എന്നർത്ഥം. കാരണം, ശിർക്ക് സമൂഹത്തിൽ ചിലരിൽ നിന്ന് സംഭവിച്ചിട്ടുണ്ട്. അതല്ലെങ്കിൽ ഇത് സ്വഹാബികളിൽ മാത്രം പരിമിതമാണ്. കാരണം, നബി(സ്വ)പറഞ്ഞത് ‘‘അലൈകും’’ എന്നാണ്. സ്വഹാബത്ത് നബി(സ്വ)യുടെ കാലശേഷം ഒരിക്കലും ശിർക്ക് ചെയ്യില്ല.’’ (ഫത്ഹുൽബാരി 3/211, 6/614 എന്നിവ നോക്കുക)

ഇവ്വിഷയകമായി ശിർക്ക് വരില്ല എന്ന വാദക്കാർ ചില പുൽകൊടികൾ വേറെയും ‘തെളിവായി’ നിരത്താറുണ്ട്. അതിനെല്ലാം പണ്ഡിതന്മാർ കൃത്യമായ മറുപടികൾ നൽകിയിട്ടുമുണ്ട്. (വിശദ പഠനത്തിന് ‘അശ്ശിർകു ഫിൽ ഖദീമി വൽ ഹദീസി’ എന്ന അബൂബക്ർ മുഹമ്മദ് സകരിയ്യയുടെ ഗ്രന്ഥം കാണുക)

ചുരുക്കത്തിൽ മുസ്‌ലിം സമൂഹത്തിൽ ശിർക്ക് സംഭവിക്കും എന്നതാണ് ശരി. ശിർക്കു സംഭവിച്ചാൽ പിന്നെ എന്താണ് ഉണ്ടാവുക? ക്വുർആനും ഹദീസും അത് വിശദീകരിച്ചിട്ടുണ്ട്.

‘‘ശിർക്ക് ചെയ്തവൻ വ്യക്തമായ വഴികേടിലായിത്തീരുന്നു.’’ (നിസാഅ്: 116)

''ശിർക്ക് ചെയ്തവൻ വലിയ കുറ്റമാണ് വഹിക്കുന്നത്.'' (നിസാഅ്: 48)

''ശിർക്ക് ചെയ്യുന്നതോടെ അവന്റെ മുഴുവൻ പ്രവർത്തനങ്ങളും നിഷ്ഫലമായിത്തീരും.'' (അൻആം: 88, സുമർ: 65)

''ശിർക്കോടെ മരണപ്പെട്ടാൽ സ്വർഗം നിഷിദ്ധവും നരകത്തിൽ ശാശ്വതനുമാവും.'' (മാഇദ:72)

ഇങ്ങനെ നിരവധി മഹാ വിപത്തുകൾക്കും കഷ്ട നഷ്ടങ്ങൾക്കും കാരണമാകുന്നതാണ് ശിർക്ക്. അതു കൊണ്ട് തന്നെ ശിർക്കിന്റെ ഏതു വഴികളെ കുറിച്ചും നാം അറിയേണ്ടതുണ്ട്. ഇസ്ലാം അതും നമുക്ക് വിശദീകരിച്ചു തന്നിട്ടുണ്ട്. സ്വാലിഹീങ്ങളുടേയും പ്രവാചകൻമാരുടെയും വിഷയത്തിൽ അതിരു കവിയൽ (നിസാഅ് 171), അവരെ പരിധിവിട്ട് പുകഴ്ത്തൽ (ബുഖാരി. ഫത്ഹുൽ ബാരി:12/149), ക്വബ്റുകൾക്ക് മുകളിൽ എടുപ്പുണ്ടാക്കൽ (ഫത്ഹുൽ ബാരി 1/523), ക്വബ്റിടങ്ങളെ ആരാധനാ കേന്ദ്രങ്ങളാക്കൽ (മുസ്ലിം 1/377), ക്വബ്റിങ്ങൽ വിളക്ക് കത്തിക്കൽ (നസാഇ:4/94), ക്വബ്റിന്മേൽ ഇരിക്കൽ, അതിലേക്ക് തിരിഞ്ഞ് നമസ്കരിക്കൽ (മുസ്ലിം 1/668), മൂന്ന് പള്ളിയിലേക്കല്ലാതെ തീർത്ഥയാത്ര നടത്തൽ (ബുഖാരി ഫത്ഹ് 3/63), സിഹ്റ്, ഏലസ്സുകൾ, ജോൽസ്യരെ സമീപിക്കൽ എന്നിവയെല്ലാം വിശ്വാസികൾക്ക് നിരോധിക്കപ്പെട്ടത് ശിർക്കിന്റെ അംശം മുസ്ലിംകളിലേക്ക് കടന്നു വരാതിരിക്കാനും, ശിർക്കിന്റെ വഴികളിലേക്ക് മുസ്ലിം സമൂഹം അടുക്കാതിരിക്കാനും വേണ്ടിയാണ്.

കൂടാതെ ശിർക്ക് വരുന്നതിനെ കുറിച്ച് തികഞ്ഞ ജാഗ്രത കൈകൊള്ളാൻ ഉമ്മത്തിന് നബി(സ്വ) നിർദേശം നൽകിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: ''സ്വഫക്ക് മുകളിൽ ഉറുമ്പരിക്കുന്നതിനേക്കാൾ ഗോപ്യമാണ് എന്റെ ഉമ്മത്തിൽ ശിർക്ക്.'' (സ്വഹീഹുൽ ജാമിഅ്: 3730) വളരെ ഗോപ്യമായി കടന്നു വരാൻ സാധ്യതയുള്ള ഈ മഹാമാരിയിൽ നിന്ന് അല്ലാഹുവിനോട് കാവലിനെ തേടാനും ഒരു വിശ്വാസി നിർദേശിക്കപ്പെട്ടിട്ടുണ്ട്. നബി(സ്വ) പഠിപ്പിച്ച ഒരു പ്രാർത്ഥന നോക്കൂ: ''അല്ലാഹുമ്മ ഇന്നീ അഊദുബിക അൻ ഉശ്രിക ബിക വ അന അഅ്ലം വ അസ്ത്അ്ഫിറുക ലിമാ ലാ അഅ്ലം.'' (സ്വഹീഹുൽ ജാമിഅ് 3731). (അല്ലാഹുവേ! ഞാൻ അറിഞ്ഞു കൊണ്ട് നിന്നിൽ ശിർക്കു ചെയ്യുന്നതിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു. ഞാൻ അറിയാതെ (സംഭവിച്ച ശിർക്കിൽ നിന്ന്) ഞാൻ നിന്നോട് പൊറുക്കലിനെ തേടുന്നു.)

അപ്പോൾ ശിർക്ക് ഒരു വിശ്വാസിയുടെ ജീവിതത്തിൽ വരുന്നത് അവൻ എത്രമാത്രം സൂക്ഷിക്കണം എന്നതാണ് ഉപരി സൂചിത വചനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാവുന്നത്.

അപ്രകാരം തന്നെ ഇത്രയും ഗൗരവതരമായ ശിർക്കെന്ന തിന്മ ഒരാളിൽ ഉണ്ടെന്ന് ആരോപിക്കുന്നതും ഏറെ ഗൗരവമുള്ളതും തികഞ്ഞ സൂക്ഷ്മത പുലർത്തേണ്ടതുമായ സംഗതിയാണ്. കാരണം, തൗഹീദ് ഉള്ള ഒരുത്തനെ കുറിച്ച് നമ്മൾ അവനിൽ ശിർക്കുണ്ടെന്ന് പറയുമ്പോൾ അവൻ നരകത്തിനവകാശിയാണ്, അവന്റെ പ്രവർത്തനങ്ങൾ നിഷ്ഫലമായി, നരകത്തിൽ ശാശ്വതമായി, ഏറ്റവും വലിയ പൊറുക്കപ്പെടാത്ത പാപം ചെയ്ത് അവൻ വിശ്വാസീ സമൂഹത്തിൽ നിന്ന് പുറത്തായിരിക്കുന്നു എന്നൊക്കെയാണ് നാം പറയാതെ പറയുന്നത്. അത് കൊണ്ടാണ് ഈ വിഷയത്തിന്റെ ഗൗരവം വർധിക്കുന്നതും.

ഒരു വിശ്വാസിയുടെ നേരെ കുഫ്റിന്റെയോ ശാപത്തിന്റെയോ വാചകങ്ങൾ പ്രയോഗിക്കുന്നതിനെതിരെ ശക്തമായ താക്കീതുകളാണ് ശറഇൽ വന്നിട്ടുള്ളത്. അബൂ ഹുറൈറ(റ) ഉദ്ധരിച്ച ഒരു ഹദീസ് കാണുക. നബി(സ്വ) പറഞ്ഞു: ''ഒരാൾ തന്റെ സഹോദരനെ

ഓ കാഫിർ എന്ന് പറഞ്ഞാൽ അത് രണ്ടിലൊരാൾക്ക് നിർബന്ധമായിത്തീരുന്നതാണ്.'' (ബുഖാരി: 6103) ഇതിനെ വിശദീകരിച്ച് ഇബ്നു ഹജർ അസ്ഖലാനി എഴുതുന്നത് കാണുക: ''ആ വിളിക്കപ്പെട്ട വ്യക്തി ശറഇയ്യായ കാരണങ്ങളാൽ കാഫിറാണെങ്കിൽ അയാൾ പറഞ്ഞത് ശരിയാവും. ആ പറഞ്ഞത് പറയപ്പെട്ടവനിലേക്ക് മടങ്ങും. അതേ സമയം പറയപ്പെട്ടവൻ അങ്ങനെയല്ലെങ്കിൽ ആ വിളിച്ചതിന്റെ പാപവും ദോഷവും പറഞ്ഞവനിലേക്ക് തന്നെ മടങ്ങും.'' (ഫത്ഹുൽ ബാരി: 13/536)

മറ്റൊരു ഹദീസ് കാണുക: ''ഒരാൾ ഒരു വിശ്വാസിയെ കാഫിർ എന്നു വിളിച്ചാൽ അതവനെ വധിക്കുന്നത് പോലെ തന്നെയാണ്.'' (ത്വബ്റാനി 1331) മറ്റൊരു റിപ്പോർട്ടിൽ, ''അവരിൽ ഒരുത്തൻ കുഫ്റിലായി'' എന്നും കാണാം. (ത്വബ്റാനി: 10544) അപ്പോൾ ഒരാളെ കുഫ്റിലേക്ക് ചേർത്തിപ്പറയുക എന്നത് അതീവ ഗുരുതരവും തികഞ്ഞ സൂക്ഷ്മത ആവശ്യമുള്ളതും ആണെന്ന് ഗ്രഹിച്ചല്ലോ. താൻ പറയുന്ന രീതിയിലുള്ള ശിർക്കും കുഫ്റും അയാളിലുണ്ടോ എന്നും താൻ ആരോപിക്കുന്ന കാര്യം ശിർക്കും കുഫ്റും തന്നെയാണോ എന്നതും സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്. ശഹാദത്ത് ഉച്ചരിച്ച ഒരാളുടെ വിശ്വാസം തന്റെ ഇംഗിതത്തിനനുസരിച്ച് ചോദ്യം ചെയ്യലും നിഷേധിക്കലും അതീവ ഗുരുതരം തന്നെയാണ്. പ്രവാചകന്റെ ജീവിത കാലത്തുണ്ടായ ചില സംഭവങ്ങൾ ഇക്കാര്യം നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ഒരു സംഭവം നോക്കൂ. ഉസാമ ബിൻ സൈദ് നിവേദനം: ''നബി(സ്വ) ഞങ്ങളെ ഹുറക്കാത്തിലേക്ക് നിയോഗിച്ചു. ഞങ്ങളെ കുറിച്ചവർക്കറിവു കിട്ടി. അങ്ങനെയവർ ഓടി രക്ഷപ്പെട്ടു. അതിൽ ഒരാളെ ഞങ്ങൾ പിടികൂടി. അപ്പോൾ അയാൾ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞു. പക്ഷേ ഞങ്ങൾ അദ്ദേഹത്തെ വധിച്ചു കളഞ്ഞു. പിന്നീട് ഞാനീ കാര്യം നബി(സ്വ)യെ അറിയിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു. ''ആ ലാഇലാഹ ഇല്ലല്ലാഹ് എന്നതിന് അന്ത്യനാളിൽ നിനക്കാരുണ്ട്?'' ഞാൻ പറഞ്ഞു. ''അല്ലാഹുവിന്റെ ദൂതരേ! വാളിനെ ഭയന്നിട്ടാണയാൾ അത് പറഞ്ഞത്. നബി(സ്വ) ചോദിച്ചു. ''അങ്ങനെയാണോ അല്ലേ അയാളത് പറഞ്ഞത് എന്നറിയാൻ അയാളുടെ ഹൃദയം നീ പിളർത്തി നോക്കിയോ? ആ ലാഇലാഹ ഇല്ലല്ലായുടെ കാര്യത്തിൽ അന്ത്യദിനത്തിൽ നിനക്കാരാണ്?'' നബി(സ്വ) അത് ആവർത്തിച്ചു കൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ, ഞാൻ ഇന്നാണ് വിശ്വസിയായിരുന്നതെങ്കിൽ എന്ന് ഞാൻ കൊതിച്ചു പോയി.'' (അബൂദാവൂദ്: 2645)

ഇതിനു സമാനമായ മറ്റൊരു സംഭവം ഹാകിം ഉദ്ധരിച്ചിട്ടുണ്ട്. അതിൽ വധിക്കപ്പെട്ട വ്യക്തി 'അല്ലാഹു അക്ബർ' എന്നാണ് പറഞ്ഞിരുന്നത്. വധിച്ചയാളോട് നബി(സ്വ) ചോദിച്ചു. ''അല്ലാഹു അക്ബർ എന്നു പറഞ്ഞ ശേഷം താങ്കൾ എങ്ങിനെയാണയാളെ വധിച്ചത്? അയാളുടെ ഹൃദയം താങ്കൾ പിളർത്തിയോ?'' (ഹാകിം: 4599) ''ജനങ്ങളുടെ ഹൃദയാന്തരങ്ങളുടെ മറ നീക്കാനും വയറുകൾ പിളർത്താനും നാം കൽപിക്കപ്പെട്ടിട്ടില്ല'' എന്നും ഒരു രിവായത്തിൽ കാണാം (ഇബ്നു തൈമിയ്യയുടെ 'അൽ ഈമാൻ' എന്ന ഗ്രന്ഥം 1/89. ശൈഖ് അൽ ബാനിയുടെ തഖ്രീജ്)

ജുൻദുബ് ബിൻ സുഫ്യാനും നബി(സ്വ)യുടെ സദസ്സിൽ ഉണ്ടായ ഇതിനു സമാനമായ ഒരു സംഭവം വിശദീകരിക്കുന്നുണ്ട്. അതിൽ 'ഞാൻ മുസ്ലിമാണ് ഞാൻ മുസ്ലിമാണ്' എന്നാണ് വധിക്കപ്പെട്ടയാൾ പറഞ്ഞത്. നബി(സ്വ) അയാളോട് ചോദിച്ചു ''നീ അയാളുടെ ഹൃദയം പിളർത്തി നോക്കിയോ? അയാൾ സത്യസന്ധനോ കളവുപറയുന്നവനോ എന്ന് നോക്കാൻ വേണ്ടി?'' (ത്വബ്റാനി: 1723)

ഇങ്ങനെയുള്ള നിരവധി സംഭവങ്ങളിൽ നിന്ന് നാം ഗ്രഹിക്കേണ്ട സുപ്രധാനമായ പാഠം, ഒരാളുടെയും ഹൃദയത്തിനുള്ളിലെ വിശ്വാസം അറിയാൻ നമുക്കാവില്ല എന്നതുകൊണ്ട് തന്നെ നമുക്കനുഭവപ്പെടുന്ന പ്രത്യക്ഷമായ കാര്യങ്ങൾ കൊണ്ട് ഒരിക്കലും ഒരാളിൽ ശർ

ക്കും കുഫ്റും ആരോപിക്കരുത് എന്നാണ്. ഒരാളുടെ ഹൃദയത്തിൽ വിശ്വാസത്തിന്റെ അംശമുണ്ടെങ്കിൽ അവനെതിരെയുള്ള കുഫ്റ് ആരോപണം ഏറെ ഗുരുതരമായി തീരുന്നതാണ്. നമ്മുടെ മുൻഗാമികൾ ഈ വിഷയത്തിൽ അതീവ സൂക്ഷ്മത പുലർത്തിയവരായിരുന്നു. ഒരു ഉദാഹരണം ശ്രദ്ധിക്കുക. ''യാ സുൽത്വാനുൽ ആരിഫീൻ...'' എന്ന് വിളിക്കുവാൻ ഇജാസത്ത് കൊടുക്കുന്നവരെ കുറിച്ച് കെ എം മൗലവി നൽകിയ ഒരു ഫത്വ ശ്രദ്ധിക്കുക: ''....അതിനാൽ ചോദ്യത്തിൽ പറഞ്ഞ പോലെ ചെല്ലുവാൻ ഇജാസത്ത് കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന ശൈഖുമാരെയും മുരീദുമാരെയും വിസ്തരിച്ച് അവരുടെ ഈ വാചകം കൊണ്ട് അവർ വിചാരിച്ചിട്ടുള്ള സാരം എന്താണെന്ന് അവരോട് ചോദിക്കുകയും പ്രത്യക്ഷമായ സാരം (അഹ്മദുൽ കബീർ രിഫാഈയോട് ഏറ്റവും അങ്ങേയറ്റമായ താഴ്മയോട് കൂടിയുള്ള ദുആ) തന്നെയാണ് അവർ വിചാരിക്കുന്നത് എന്ന് അവർ പറയുകയും ചെയ്താൽ അത് കുഫ്റും ശിർക്കുമാകുന്നുവെന്ന് രേഖകളോട് കൂടി അവരെ അറിയിക്കണം. എന്നിട്ടും ദീനിനോട് വിരോധമായ ഈ വിചാരത്തിൽ തന്നെ അവർ ഉറച്ചു നിൽക്കുന്ന പക്ഷം  അത് ദീനിനോട് വിരോധമായ വിശ്വാസമോ ദീനിനോട് മത്സരമോ ദീനിനെ നിസ്സാരപ്പെടുത്തലോ അവരുടെ മനസ്സിൽ ഉള്ളതു കൊണ്ടാണെന്ന് തീർച്ച തന്നെ. എന്നാലും അവർക്ക് ഇനിയും സംശയമുണ്ടെന്ന് പറഞ്ഞ് അത് തീർത്ത് കൊടുക്കുവാൻ അവർ ആവശ്യപ്പെടുന്ന പക്ഷം അവരുടെ സംശയം തീർക്കത്തക്ക വിധം ദലീലുകളെ പൂർണമായി വെളിപ്പെടുത്തി ദീനിന്റെ ഹുക്മിൽ അത് കുഫ്റും ശിർക്കുമാണെന്ന് അവരെ നല്ലവണ്ണം അറിയിക്കുകയും മേൽ പറഞ്ഞ പോലെ തൗബ ചെയ്ത് ശഹാദത്ത് പുതുക്കുവാൻ അവരോട് ആജ്ഞാപിക്കുകയും വേണം.... ഈ വിധത്തിൽ വിസ്തരിച്ചിട്ടല്ലാതെ അവരെയും മറ്റാരെയും ഇങ്ങനെയുള്ള വാചകങ്ങൾ ചൊല്ലുന്ന കാരണം കൊണ്ട് മാത്രം കാഫിറെന്നോ മുശ്രിക്കെന്നോ മുർതദ്ദെന്നോ വിധിക്കുവാനും പറയുവാനും പാടില്ല. അത് ശറഇൽ ജാഇസുമല്ല. എന്തുകൊണ്ടെന്നാൽ അവർക്ക് ആ വാചകങ്ങളിൽ പ്രത്യക്ഷമായ അർഥമല്ലാത്ത വല്ല സ്വഹീഹായ മുറാദും, ഇമാം കുർദി പറഞ്ഞതു പോലെയുള്ള വല്ല മുറാദും ഉണ്ടാകുവാൻ ഇടയുണ്ട്. അതിനാൽ മേൽ പറഞ്ഞ പ്രകാരം അവരെ വിസ്തരിച്ച് അവർക്ക് വേണ്ട വിധം വെളിപ്പെടുത്തി കൊടുത്തിട്ടും അവർ ദീനിന്റെ ഹുക്മ് ഖബൂൽ ചെയ്യാതെ ഇരുന്നാലല്ലാതെ അവരെ കുറിച്ച് തക്ഫീറിന്റെ ഫത്വ ചെയ്യുവാൻ പാടില്ല.'' (അൽ മുർശിദ് 1934 മെയ്. ഉദ്ധരണി കെ. എം മൗലവിയുടെ ഫത്വകൾ. പേജ്: 140–141)

നോക്കൂ! കുഫ്റിന്റെ വാചകമാണെന്നുറപ്പുള്ള ഒന്ന് പറഞ്ഞ ഒരാളെക്കുറിച്ച് പോലും എത്ര സൂക്ഷ്മത കാണിച്ചാണ് നമ്മുടെ മുൻഗാമികൾ വിധി പറഞ്ഞത്!!! അതു തന്നെയാണ്, വിഗ്രഹത്തിന്റെ മുമ്പിൽ സുജൂദിൽ കിടക്കുന്നവനെപ്പോലെ ഒരാൾ കിടക്കുന്നതു കണ്ടാലും ഒറ്റയടിക്കയാൾ കാഫിറാണെന്ന് പറയരുതെന്ന് ഉമർ മൗലവി(റഹി) പറഞ്ഞതും. അവരൊക്കെ ഈ വിഷയത്തിൽ പുലർത്തിയ സൂക്ഷ്മതയുടെ തെളിവുകളാണിതെല്ലാം. ഇതേ നിലപാടാണ് ലോകത്തഖിലവുമുള്ള അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ വെച്ച് പുലർത്തുന്നത്. ലജ്ന ദാഇമയുടെ ഈ വിഷയകമായ ഫത്വയിലും ഇക്കാര്യം തന്നെയാണുള്ളത്. (1/336 കാണുക)

''വലാ നുകഫ്ഫിറു അഹദൻ മിൻ അഹ്‌ലിൽ കിബ്‌ലത്തി ബി ദൻബിൻ മാലം എസ്തഹില്ലുഹു'' എന്ന് ഇമാം ത്വഹാവിയെപ്പോലെയുള്ള പണ്ഡിതന്മാർ പറയാനും കാരണമിതാണ്. അഥവാ, ഒരു തിന്മ അത് ഹലാലാക്കാത്തിടത്തോളം കാലം അഹ്‌ലുൽ ഖിബ്‌ലയിൽ പെട്ട ഒരാളെയും നാം കാഫിറാക്കുന്നില്ല എന്ന് സാരം.

ഒരു വിശ്വാസിയുടെ പേരിൽ ആരോപിക്കപ്പെടുന്ന കാര്യം ശിർക്കാണെങ്കിൽ തന്നെ ഉപരിസൂചിത നടപടിക്രമങ്ങൾ പൂർത്തിയാകാതെ അവന്റെ പേരിൽ കുഫ്റ് ചാർത്താൻ പാടില്ല എന്നിരിക്കെ, അവന്റെ പേരിൽ ആരോപിക്കപ്പെടുന്ന കാര്യം ശിർക്കല്ലാത്തതാണ് എ

ങ്കിൽ അതിന്റെ ഗൗരവം ഒന്നു കൂടി വർധിക്കുകയാണ് ചെയ്യുന്നത്. അഥവാ, ശിർക്കായി ദീനിൽ പഠിപ്പിക്കപ്പെട്ടിട്ടില്ലാത്ത ഒരു കാര്യത്തെ ശിർക്കായി ചിത്രീകരിച്ച് ആ 'കൽപിത ശിർക്ക്' ഇതരരിൽ ആരോപിക്കുന്നത് തികച്ചും ഗുരുതരം തന്നെ. മുജാഹിദുകൾ ആരുടെയൊക്കെ വിശ്വാസത്തിലും പ്രവർത്തിയിലും ശിർക്കുണ്ട് എന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ടോ, അതല്ലാം കുറ്റമറ്റ പ്രമാണങ്ങൾ കൊണ്ട് ആരുടെ മുന്നിലും തെളിയിക്കാൻ കഴിയുന്നതാണ്. അത് തെളിയിച്ചിട്ടുമുണ്ട്. കാരണം, പ്രമാണങ്ങൾ കൂടെയുണ്ടെങ്കിൽ ഒരു കാര്യം ശിർക്കാണെന്ന് പറയുന്നതിന് പിന്നെ എന്താണ് തടസ്സം? ഒന്നുമില്ല. അതു കൊണ്ടു തന്നെ മുജാഹിദുകൾ ശിർക്കാണ് എന്ന് പറഞ്ഞ ഒരു കാര്യത്തെ കുറിച്ചും അത് ശിർക്കല്ല എന്ന് പ്രമാണബദ്ധമായി തെളിയിക്കാൻ ഒരാൾക്കും സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല. കാരണം, അവയെല്ലാം ശിർക്കാണെന്ന് മജാഹിദുകളെ പഠിപ്പിച്ചത് ക്വുർആനും സുന്നത്തുമാണ്. അത് കൊണ്ട് തന്നെ അവർക്കൊരിക്കലും ഒരിക്കൽ ശിർക്കാണെന്നു പറഞ്ഞതിനെ മാറ്റിപ്പറയേണ്ടി വന്നിട്ടില്ല. ശിർക്കല്ല എന്നു പറഞ്ഞതിനെ ശിർക്കാണെന്നു പറയേണ്ടിയും വന്നിട്ടില്ല. വരികയുമില്ല. അല്ലാഹുവിന്റെ ദീനാണ് മുജാഹിദുകൾ ഉൾക്കൊണ്ടിട്ടുള്ളത്. മനുഷ്യന്റെ ബുദ്ധിയിലുദയം ചെയ്ത പ്രത്യയശാസ്ത്രങ്ങളെ ആശയാദർശമായി സ്വീകരിച്ചവർക്ക്, ശിർക്കായതിനെ ശിർക്കല്ല എന്നും ശിർക്കല്ലാത്തതിനെ ശിർക്കാണെന്നും പറയേണ്ടി വന്നിട്ടുണ്ട്. എത്രത്തോളമെന്നാൽ, തൗഹീദിന്റെ പ്രബോധനത്തിനു വേണ്ടി രാപ്പകൽ ഭേദമന്യേ അധ്വാനിക്കുന്ന മുജാഹിദുകളുടെ മേൽ ശിർക്കാരോപണവുമായി ചിലർ കടന്നുവന്നു. 'രാഷ്ട്രീ യ ശിർക്കെന്ന' മൗദൂദി കണ്ടെത്തിയ പുതിയ ശിർക്കുമായി ചിലർ വന്നു പറഞ്ഞു, മുജാഹിദുകൾ ശിർക്കിലെത്തിയിട്ടുണ്ടെന്ന്. കാരണം, അവർ വോട്ടു ചെയ്യുന്നു, തെരെഞ്ഞെടുപ്പിൽ പങ്കെടുക്കുന്നു, കോടതിയിൽ പോവുന്നു! ഇതെല്ലാം ശിർക്കാണ്. അതിനാൽ മുജാഹിദുകൾ മുഴുവനും ശിർക്കിലാണ്. പക്ഷേ അവസാനം ഈ 'മൗദൂദിയൻ ശിർക്കിന്' എന്ത് സംഭവിച്ചു എന്നത് ചരിത്രം പറഞ്ഞു തരും. മുജാഹിദുകൾ ഈ ശിർക്കാരോപണം കേട്ടപാടേ പറഞ്ഞു, ഇത് ശിർക്കല്ല. ശിർക്കല്ലാത്ത ഒരു കാര്യത്തെ മൗദൂദി അധികാരം കിട്ടാൻ വേണ്ടി ശിർക്കാക്കിയതാണെന്ന്. അവസാനം ഈ ശിർക്കാരോപകർക്ക് ആരോപണം പിൻവലിച്ച് മുജാഹിദുകളുടെ ആദർശത്തിലേക്ക് തിരിച്ചു വരേണ്ടി വന്നു. ശിർക്കല്ലാത്ത ഒരു കാര്യം ശിർക്കല്ല എന്നു പറയൽ ഒരിക്കലും ശിർക്കിനെ നിസ്സാരപ്പെടുത്തലല്ല. മറിച്ച്, ദീനിൽ നമുക്കൊരു കാര്യം സ്വന്തമായി ഉണ്ടാക്കാൻ അധികാരമില്ല എന്ന വിശുദ്ധ ഇസ്‌ലാമിന്റെ നിയമത്തോട് കൂറ് കാണിക്കലാണ്. അധികാരം നില നിർത്താനും അധികാരം പിടിക്കാനുമെല്ലാം 'പുതിയ ശിർക്കു'കൾ ഉണ്ടാക്കുന്ന ജമാഅത്തു ശൈലി ഇസ്‌ലാമികമല്ല എന്ന് അല്ലാഹുവിന്റെ ക്വുർആൻ നമ്മെ ഉണർത്തുന്നുണ്ട്. അല്ലാഹു പറയുന്നത് കാണുക: ''അതല്ല, അല്ലാഹു അനുവാദം നൽകിയിട്ടില്ലാത്ത വല്ല പങ്കാളിയും അവർക്കുണ്ടോ?'' (ശൂറാ: 21) വീണ്ടും പറയുന്നു: ''നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് ഹലാൽ ഇത് ഹറാം എന്നിങ്ങനെ നിങ്ങൾ കള്ളം പറയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയത്രെ (അതിന്റെ ഫലം). അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നവൻ വിജയിക്കില്ല തീർച്ച.'' (നഹ്ല് :116)

അപ്പോൾ ദീൻ പഠിപ്പിക്കാത്ത ഒരു കാര്യം ദീനിന്റെ പേരിൽ കളവ് ആരോപിച്ച് പറയലാണ്. അത് തത്വത്തിൽ അല്ലാഹുവിന്റെ പേരിൽ തന്നെ കളവ് കെട്ടിപ്പറയലാണ്. അത്തരക്കാരെക്കുറിച്ച് അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക: ''അല്ലാഹുവിന്റെ പേരിൽ കളവ് പറഞ്ഞവനേക്കാളും അല്ലെങ്കിൽ അവന്റെ ആയത്തുകളെ നിഷേധിച്ചവരേക്കാളും വലിയ അക്രമി ആരുണ്ട്. നിശ്ചയം അക്രമികൾ വിജയിക്കുകയില്ല തന്നെ.'' (അൻആം. 21)

അപ്പോൾ അധികാരത്തിന് വേണ്ടി ശിർക്ക് നിർമ്മിക്കുന്ന മൗദൂദിയൻ സിദ്ധാന്തം തികഞ്ഞ അബദ്ധമാണെന്ന് ഗ്രഹിച്ചല്ലോ. മൗദൂദികളുടെ പുത്തൻ ശിർക്ക് മെല്ലെമെല്ലെ മാഞ്ഞ് തുടങ്ങിയപ്പോഴാണ് വിഘടിതർ പുതിയൊരു ശിർക്കുമായി രംഗത്ത് വന്നത്. ജോ

ത്സ്യനെ സഹായിക്കാൻ പിശാചിന് കഴിയുമെന്ന് വിശ്വസിച്ചാൽ ശിർക്ക്, മലക്കുകൾ മനുഷ്യരെ സഹായിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്ക്, സിഹ്റിൽ വിശ്വസിച്ചാൽ ശിർക്ക്, തുടങ്ങിയ കാര്യങ്ങളാണ് പുതിയ ശിർക്കായി വിഘടിതർ അവതരിപ്പിച്ചത്. മുജാഹിദുകൾ ഈ പുതിയ ശിർക്കിനെ അറബിക്കടലിലേക്ക് വലിച്ചെറിഞ്ഞു. കാരണം, ശിർക്കല്ലാത്ത ഈ കാര്യങ്ങളെ ശിർക്കായി അംഗീകരിക്കാൻ പ്രമാണങ്ങളിലൂടെ ആരും തെളിയിക്കാത്തിടത്തോളം കാലം മുജാഹിദുകൾക്ക് ഒരു ബാധ്യതയുമില്ല. അവസാനം ഈ പുതിയ വിഘടിതശിർക്കിന്റെ അടിസ്ഥാനത്തിൽ നോക്കിയപ്പോൾ തങ്ങളുടെ പാളയത്തിൽ തന്നെ ഈ 'ശിർക്ക്' ബാധിച്ചവരുണ്ടെന്ന് മനസ്സിലായപ്പോഴാണ് അവർക്ക് അക്കിടി മനസ്സിലായത്. ഇങ്ങനെ ശിർക്കല്ലാത്ത പല കാര്യങ്ങളും പല ലക്ഷ്യത്തിന് വേണ്ടി മുജാഹിദുകളുടെ മേൽ വെച്ച് കെട്ടി ശിർക്കാരോപിച്ചവർക്കെല്ലാം അവസാനം തിരുത്തേണ്ടി വന്നിട്ടുണ്ട്. അതിന് ചരിത്രം സാക്ഷിയാണ്. കാരണം, പ്രമാണങ്ങൾക്ക് മാത്രമേ നിലനിൽപ്പുള്ളൂ. മറ്റുള്ളതെല്ലാം വെറും പുക മാത്രമായിരിക്കും. പ്രമാണങ്ങളുടെ പേമാരിക്കും തെളിവുകളുടെ കൊടുങ്കാറ്റിനും  മുന്നിൽ ഉറച്ച് നിൽക്കാൻ ഇത്തരം പുകകൾക്കാവില്ല. അതാണ് സത്യം. അതുകൊണ്ട് തന്നെ വിശ്വാസികൾ ഗ്രഹിക്കേണ്ട ഏറെ സുപ്രധാനമായ സംഗതി, പ്രമാണങ്ങളുടെ കൂടെ നിന്നാൽ ഒരു കാലത്തും നമുക്ക് പതറേണ്ടി വരില്ല എന്നാണ്. നേരെ മറിച്ച്, തങ്ങളുടെ ഇച്ഛകൾക്കും ഇംഗിതങ്ങൾക്കും അനുസരിച്ച് ദീനിനെ വളച്ചൊടിക്കുന്നവർക്കെല്ലാം പതർച്ച വന്നിട്ടുണ്ട്. അത്കൊണ്ട് തന്നെ എന്താണ് തൗഹീദെന്നും എന്താണ് ശിർക്കെന്നും നാം കൃത്യമായി ഗ്രഹിക്കേണ്ടതുണ്ട്. ശിർക്കിന്റെ എല്ലാ അംശങ്ങളിൽ നിന്നും ശിർക്കാരോപകരുടെ കുതന്ത്രങ്ങളിൽ നിന്നും അല്ലാഹു നമ്മെയെല്ലാം കാത്തു രക്ഷിക്കുമാറാകട്ടെ. ആമീൻ